ഉത്തരം

(എ) മുതൽ (സി) വരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടയത്തിനായി അപേക്ഷിച്ചിട്ടുള്ളവരുടെ എണ്ണം പഞ്ചായത്തിൽ 213 -ഉം മുനിസിപ്പൽ പ്രദേശത്ത് 145-ഉം ആണ്. 21.2.2000-ൽ കായംകുളത്തുവച്ചു നടന്ന പട്ടയമേളയിൽ പഞ്ചായത്തിൽ 58 പേർക്കും, മുനിസിപ്പൽ പ്രദേശത്ത് 38 പേർക്കും പട്ടയവും 49 പേർക്ക് കൈവശരേഖയും വിതരണം ചെയ്തിട്ടുണ്ട്.

വർക്കല മഹിളാ സമാജത്തിന്റെ കൈവശ ഭൂമി പതിച്ചു നൽകുന്ന നടപടി

126 (1415)ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 45 വർഷമായി വർക്കല മഹിളാ സമാജത്തിന്റെ കൈവശം ഇരിക്കുന്ന വർക്കല വില്ലേജിൽ സർവ്വേ നമ്പർ 2613/സി/26-ൽപ്പെട്ട 60 സെന്റ് ഭൂമി പതിച്ചുകിട്ടുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഈ സ്ഥലത്ത് വർക്കല വികസന ബ്ളോക്കിന്റേയും വർക്കല നഗരസഭയുടേയും സാമ്പത്തിക സഹായത്തോടെ കെട്ടിടങ്ങൾ നിർമ്മിച്ചും വികസന പ്രവർത്തനങ്ങൾ നടത്തിയും വനിതാ ക്ഷേമ നടപടികൾ സ്വീകരിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൊഴിൽരഹിതരായ വനിതകൾക്ക് വേണ്ടി തയ്യൽ പരിശീലന കേന്ദ്രം, മാതൃശിശു സംരക്ഷണ കേന്ദ്രം, ബാലവാടി, ഡാൻസ് സ്കൂൾ എന്നിവയ്ക്ക് പുറമേ ജനകീയാസൂത്രണപദ്ധതി മുഖേന ചില വ്യവസായ യൂണിറ്റുകളും ഈ സ്ഥലത്ത് നടത്തിവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ദീർഘകാലമായി കൈവശത്തിലും കുത്തകപ്പാട്ടത്തിലും വർക്കല മഹിളാ സമാജം സ്വന്തമാക്കി വച്ചിരിക്കുന്ന ഈ ഭൂമി മഹിളാ സമാജത്തിന് സൗജന്യമായി പതിച്ചുകൊടുക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) മുതൽ (സി) വരെ ഉണ്ട്.

(ഡി) കൈവശ ഭൂമി നാമമാത്ര വില ഈടാക്കി പതിച്ചുനൽകണമെന്നാണ് സമാജം അഭ്യർത്ഥിച്ചിരിക്കുന്നത്. കമ്പോള വില നൽകി പതിച്ചോ ദീർഘകാല പാട്ടത്തിനോ ഭൂമി ഏറ്റെടുക്കാൻ തയ്യാറാണോ എന്ന് സമാജത്തോട് ആരാഞ്ഞിരുന്നുവെങ്കിലും നാമമാത്ര വിലയ്ക്ക് പതിച്ചുനൽകണമെന്ന മുൻ നിലപാട് സമാജം ആവർത്തിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല.

തൃപ്പലങ്ങോട് പഞ്ചായത്തിലെ പുത്തലത്ത് നിന്നും കൂടി ഒഴിപ്പിക്കപ്പെട്ടവർ

127(1418)ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly